**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 155** **11.06.2018-ൽ മറുപടിക്ക്**

## അപകടത്തിൽപ്പെടുന്നവർക്ക് അടിയന്തര ചികിത്സ

**ചോദ്യം** **മറുപടി**

**ശ്രീ.എസ്.ശർമ്മ**
**ശ്രീ.വി.ജോയി**
**ശ്രീ.വി.കെ.സി.മമ്മത് കോയ**

**ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**
(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രതിവർഷം നാലായിരത്തിലേറെ പേർ വാഹനാപകടത്തിൽ മരണമടയുകയും നാല്പതിനായിരത്തിലധികം പേർക്ക് സാരമായി പരിക്കേൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ യഥാസമയം ചികിത്സ ലഭ്യമാക്കിയാൽ മരണ നിരക്ക് പകുതിയായെങ്കിലും കുറയ്ക്കാൻ കഴിയുമെന്നതിനാൽ അപകടത്തിൽപ്പെടുന്നവർക്ക് 48 മണിക്കൂർ അടിയന്തര ചികിത്സ സൗജന്യമായി നൽകുന്നതിന് സ്വീകരിച്ചു വരുന്ന നടപടി എന്തെല്ലാമാണ്; | (എ) & (ബി) | കേരളത്തിൽ റോഡപകടങ്ങളിൽ കഴിഞ്ഞ കുറേ കാലങ്ങളായി കൂടുതലാളുകൾ മരണത്തിനും ഗുരുതര ശാരീരിക വൈകല്യത്തിനും ഇടവരുന്ന റോഡ് അപകടങ്ങൾ വർദ്ധിച്ചുവരികയായിരുന്നു. എന്നാൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ മുൻ വർഷങ്ങളിലേതിനേക്കാൾ അപകട മരണനിരക്ക് കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും എല്ലാ നിയന്ത്രിത സംവിധാനങ്ങളേയും നിഷ്പ്രഭമാക്കി റോഡപകടങ്ങൾ തുടർക്കഥയാകുന്നത് ഒരു വലിയ വിപത്തായി കാണുകയും ഇക്കാര്യത്തിൽ ശാസ്ത്രീയ പരിശോധനകളും പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിക്കുന്നതിന് ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ **02.11.2017** ൽ ചേർന്ന യോഗത്തിൽ ബന്ധപ്പെട്ട എല്ലാവരുടേയും അഭിപ്രായം ആരായുകയും സുവ്യക്തങ്ങളായ തീരുമാനങ്ങളിൽ എത്തുകയും ഉണ്ടായി. ഈ സമിതി, അപകടങ്ങളിൽപെടുന്നവർക്ക് സർക്കാർ/സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിനായി തീരുമാനം എടുത്തിരുന്നു.<br>റോഡപകടങ്ങളിൽ പെടുന്നവരുടെ ജീവൻ രക്ഷിക്കുവാനായി ആദ്യ മണിക്കൂറിൽ (Golden Hour) അപകടത്തിൽപ്പെടുന്നവരെ അപകട സ്ഥലത്തുനിന്നും മതിയായ ചികിൽസാ സംവിധാനമുള്ള സർക്കാർ /സ്വകാര്യ ആശുപത്രികളിൽ എത്തിക്കുന്നതിന് കൃത്യമായ പരിശീലനം ലഭിച്ച ജീവനക്കാരും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള ഉന്നനിലവാരമുള്ള ആംബുൻസുകളും |
| (ബി) | റോഡപകടങ്ങളിൽപ്പെടുന്നവരെ സമയ നഷ്ടം ഇല്ലാതെ അപകട ചികിത്സാ സൗകര്യമുള്ള ആശുപത്രികളിൽ എത്തിക്കുന്നതിനുള്ള ആംബുലൻസ് നെറ്റ് വർക്ക് സംവിധാനത്തെക്കുറിച്ച് അറിയിക്കാമോ? | | |

| | | | |
|---|---|---|---|
| | | | കേന്ദ്രീകൃത സ്വഭാവത്തോടെ സർക്കാർ-സർക്കാരേതര ഏജൻസികളുമായി സഹകരിച്ച് ഒരു കോൾ സെൻറർ മുഖേന ജി.പി.എസ് നിയന്ത്രിത ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തു. മേൽ പദ്ധതിയുടെ സമഗ്രവും വിജയകരവുമായ നടത്തിപ്പിന് സമഗ്ര ആക്സിഡന്റ് ഇൻഷുറൻസ് പ്രോഗ്രാം എന്ന രീതിയിൽ നൂതനമായ ഒരു പ്രോജക്ട് വിഭാവനം ചെയ്യുകയും ആയതിന്റെ നടത്തിപ്പ് സർക്കാർ സ്വകാര്യ ആശുപത്രികളും ഇൻഷുറൻസ് കമ്പനികളും റോഡ് സുരക്ഷാവിഭാഗവും കോർത്തിണക്കി ഫലവത്തായി നടപ്പിൽ വരുത്തുന്നതിന് താൽപര്യമുള്ള ഇൻഷുറൻസ് കമ്പനിയോ, കമ്പനികളുടെ കൂട്ടായ്മയോ കണ്ടെത്തുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ സ.ഉ(സാധാ) നം. **3648/2017/ആ.കു.വ** തീയതി **26.12.2017** പ്രകാരം ചുമതലപ്പെടുത്തി. ഇതിലേക്കായി താൽപര്യപത്രം ക്ഷണിച്ചുകൊണ്ടുള്ള പരസ്യം **13.01.2018** ന് ദേശീയ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുകയും ഉണ്ടായി. മേൽ പറഞ്ഞ തീരുമാനപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന പ്രസ്തുത കമ്പനികൾ സ്വകാര്യ ആശുപത്രികളുമായി റോഡപകടങ്ങളിലും മറ്റ് അപകടങ്ങളിലും പെടുന്നവരെ ചികിത്സിക്കുവാനായി ഒരു കരാറിൽ ഏർപ്പെടേണ്ടതാണ്. അതിനായി ഒരു പ്രത്യേകം പദ്ധതി തയ്യാറാക്കുകയും സ്വകാര്യ ആശുപത്രികളുമായി വിലപേശി ചികിത്സക്ക് ചിലവാക്കിയ പണം മടക്കിനൽകുന്നതായി ഒരു പദ്ധതി തയ്യാറാക്കേണ്ടതുമാണ്. പ്രസ്തുത തുക രേഖകൾ പരിശോധിച്ച് നടപടിക്രമങ്ങൾക്കുശേഷം 21 ദിവസങ്ങൾക്കകം ആശുപത്രികൾക്ക് മടക്കി നൽകേണ്ടതാണ്. ഇതിനായി അപകടത്തിൽപ്പെടുന്ന വാഹനങ്ങൾ ഇൻഷുർ |

| | | | |
|---|---|---|---|
| | | | ചെയ്ത് കമ്പനികളിൽ നിന്ന് തുക ഈടാക്കി അപകടത്തിൽപ്പെട്ട വ്യക്തിയുടെ ആശുപത്രി ചിലവുകൾ തീർക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ അപകടത്തിൽപ്പെടുന്ന വാഹനത്തിന്റെ നിജസ്ഥിതി മനസ്സിലാക്കാൻ സാധിക്കാതെ വന്നാൽ സർക്കാർ ഫണ്ടിൽ നിന്നോ റോഡ് സേഫ്റ്റി അതോറിട്ടിയിൽ നിന്നോ നഷ്ടപരിഹാരതുക ഈടാക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതും സമഗ്ര ആക്സിഡന്റ് ഇൻഷ്വറൻസ് പ്രോഗ്രാമിൽ ഉൾപ്പെടുത്തുന്നതും ആണ്. ഇതിന്റെ തുടർച്ചയായി 24.4.2018 ന് രാജ്യത്തെ സ്വകാര്യ പൊതുമേഖല ഇൻഷ്വറൻസ് കമ്പനി പ്രതിനിധികളെ വിളിച്ചുചേർത്ത് ഒരു ചർച്ച നടത്തുകയും പ്രസ്തുത ചർച്ചയിൽ പൊതുമേഖലാ സ്വകാര്യ മേഖലകളിലെ 11 കമ്പനികളുടെ പ്രതിനിധികൾ പങ്കെടുക്കുകയും ചെയ്തു. പ്രസ്തുത യോഗങ്ങളുടെയും ചർച്ചകളുടെയും തുടർനടപടികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഏകോപിപ്പിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**